**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 176** **07-06-2021 - ൽ മറുപടിയ്ക്ക്**

**കാൻസർ കെയർ ഫോർ ലൈഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Smt Veena George**<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ നടപ്പിലാക്കി വന്നിരുന്ന "കാൻസർ കെയർ ഫോർ ലൈഫ്" പദ്ധതി 2014 ആഗസ്റ്റിൽ നിർത്തലാക്കാനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | ആർ.സി.സിയിൽ കാൻസർ കെയർ ഫോർ ലൈഫ് എന്ന പേരിൽ ഇൻഷ്വറൻസ് മാതൃകയിൽ സൗജന്യ ചികിത്സാ പദ്ധതി 1986 മുതൽ 1991 വരെയും, 1992 മുതൽ 1997 വരെയും, 1997 മുതൽ 2014 വരെയും മൂന്നു ഘട്ടങ്ങൾ ആയാണ് നടപ്പിലാക്കിയത്. ആദ്യത്തെ രണ്ടു പദ്ധതികളിലും പ്രീമിയം തുക വളരെ കുറവായതു മൂലവും പരിധിയില്ലാത്ത ചികിത്സാ ചിലവു മൂലവും ആർ.സി.സിയ്ക്ക് നഷ്ടം നേരിട്ടു. അതിന്റെ അടിസ്ഥാനത്തിൽ ആദ്യ രണ്ടു ഘട്ടങ്ങളിൽ നിന്ന് വ്യത്യസ്തമായാണ് മൂന്നാം ഘട്ടം ആവിഷ്കരിച്ചത്. 500 രൂപ മുഖ വിലയും 100 ഇരട്ടി കവറേജും ഉള്ള യൂണിറ്റ് ആയിട്ടാണ് പദ്ധതി നടപ്പാക്കിയത്. ചികിത്സാ ചിലവിലുള്ള വർദ്ധനമൂലം കവറേജ് തുക ചികിത്സാ ചിലവിന് തികയാതായതിനാൽ പദ്ധതി അനാകർഷകമായി. ആയതിനാൽ കൂടുതൽ ആകർഷകമായ രീതിയിൽ പുനരാവിഷ്കരിക്കുന്നതിനുവേണ്ടി ആർ.സി.സി ഗവേർണിംഗ് ബോഡിയുടെ അനുമതിയോടെ പദ്ധതി അവസാനിപ്പിക്കുകയാണുണ്ടായത്. |
| (ബി) | ജനങ്ങൾക്ക് ഏറെ ഉപയോഗപ്രദമായിരുന്ന പ്രസ്തുത പദ്ധതി പുനഃരാരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) | ആകർഷകമായ രീതിയിൽ പദ്ധതി പുനരാവിഷ്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |
| (സി) | പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ നിലപാട് വിശദീകരിക്കാമോ? | (സി) | ആകർഷകമായ രീതിയിൽ പദ്ധതി പുനരാവിഷ്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 176 — 07/06/2021-ൽ മറുപടിക്ക്

## കാൻസർ കെയർ ഫോർ ലൈഫ് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ ഡി കെ മുരളി** | | **വീണാ ജോർജ്ജ്**<br>**(ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) | തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ നടപ്പിലാക്കി വന്നിരുന്ന "കാൻസർ കെയർ ഫോർ ലൈഫ്" പദ്ധതി 2014 ആഗസ്റ്റിൽ നിർത്തലാക്കാനുള്ള കാരണം വ്യക്തമാക്കുമോ; | എ) | ആർ.സി.സിയിൽ കാൻസർ കെയർ ഫോർ ലൈഫ് എന്ന പേരിൽ ഇൻഷ്വറൻസ് മാതൃകയിൽ സൗജന്യ ചികിത്സാ പദ്ധതി 1986 മുതൽ 1991 വരെയും, 1992 മുതൽ 1997 വരെയും, 1997 മുതൽ 2014 വരെയും മൂന്ന ഘട്ടങ്ങൾ ആയാണ് നടപ്പിലാക്കിയത്. ആദ്യത്തെ രണ്ടു പദ്ധതികളിലും പ്രീമിയം തുക വളരെ കുറവായതു മൂലവും പരിധിയില്ലാത്ത ചികിത്സാ ചിലവു മൂലവും ആർ.സി.സിയ്ക്ക് നഷ്ടം നേരിട്ടു. അതിന്റെ അടിസ്ഥാനത്തിൽ ആദ്യ രണ്ടു ഘട്ടങ്ങളിൽ നിന്ന് വ്യത്യസ്തമായാണ് മൂന്നാം ഘട്ടം ആവിഷ്കരിച്ചത്. 500 രൂപ മുഖ വിലയും 100 ഇരട്ടി കവറേജും ഉള്ള യൂണിറ്റ് ആയിട്ടാണ് പദ്ധതി നടപ്പാക്കിയത്. ചികിത്സാ ചിലവിലുള്ള വർദ്ധനമൂലം കവറേജ് തുക ചികിത്സാ ചിലവിന് തികയാതായതിനാൽ പദ്ധതി അനാകർഷകമായി. ആയതിനാൽ കൂടുതൽ ആകർഷകമായ രീതിയിൽ പുനരാവിഷ്കരിക്കുന്നതിനുവേണ്ടി ആർ.സി.സി ഗവേർണിംഗ് ബോഡിയുടെ അനുമതിയോടെ പദ്ധതി അവസാനിപ്പിക്കുകയാണുണ്ടായത്. |
| ബി) | ജനങ്ങൾക്ക് ഏറെ ഉപയോഗപ്രദമായിരുന്ന പ്രസ്തുത പദ്ധതി പുനഃരാരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | ബി) & സി) | ആകർഷകമായ രീതിയിൽ പദ്ധതി പുനരാവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |
| സി) | പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ നിലപാട് വിശദീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ